**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2206** **20-01-2021 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | കുട്ടികളുടെ ശാരീരികവും, മാനസികവുമായ വികാസത്തിന് ആധുനിക സൗകര്യങ്ങളോടു കൂടിയ സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ, ഇതിനകം എത്ര സ്മാർട്ട് അങ്കണവാടികൾ നിർമ്മിച്ചുവെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. നാളിതുവരെ സംസ്ഥാനത്ത് 7 ജില്ലകളിലായി 40 സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |
| (ബി) | അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ. വിശദാംശം നൽകുമോ? | (ബി) | അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അങ്കണവാടി ഗുണഭോക്താക്കളായ ആറ് മാസം മുതൽ ആറ് വയസ്സുവരെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അനുപൂരക പോഷകാഹാര പദ്ധതി 33115 അങ്കണവാടികളിലൂടെ നടപ്പിലാക്കി വരുന്നു. ആറ് മാസം മുതൽ ആറ് വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് 8/- രൂപയും, ഗുരുതര തൂക്കക്കുറവുള്ള കുട്ടികൾക്ക് 12/- രൂപയും ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് 9.50/- രൂപയും പ്രതിദിനം നിശ്ചയിച്ചിട്ടുണ്ട്. പ്രതിവർഷം 300 ദിവസത്തേയ്ക്കാണ് ഇത് നൽകുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിൽ ടി ചെലവ് വഹിക്കുന്നു. സംസ്ഥാന വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടും കേന്ദ്ര വിഹിതം റീ-ഇംബേഴ്സ്മെന്റായി ശിശു വികസന പദ്ധതി ഓഫീസർ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുന്നു. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് നടത്തിപ്പ് ചുമതല. ആറ് മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അമൃതം ന്യൂട്രിമിക്സ് ടേക്ക് ഹോം റേഷൻ (THR) ആയും, 3-6 വയസ്സുവരെയുള്ള കുട്ടികൾക്ക് നൂൺ ഫീഡിംഗ്, ജനറൽ ഫീഡിംഗ് ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർക്ക് വിവിധ ഭക്ഷ്യധാന്യങ്ങൾ ജനറൽ ഫീഡിംഗിൽ ഉൾപ്പെടുത്തി THR ആയും നൽകുന്നു. ഇതുകൂടാതെ 3-6 |

| | | | |
|---|---|---|---|
| | | | വിഭാഗത്തിന് മോർണിംഗ് സ്നാക്ക്സ് സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. ടി ആവശ്യത്തിനായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള തുകയിൽ കൂടുതൽ പല പഞ്ചായത്തുകളും തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ